(ഇ) തീർപ്പാക്കാത്ത പദ്ധതികൾ സ്പിൽ ഓവറായി എടുക്കാനുള്ള നിർദ്ദേശം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് നൽകിയിട്ടുണ്ട്.

മുനിസിപ്പൽ കോർപ്പറേഷനുകൾക്ക് സാമ്പത്തിക സഹായം ചെയ്യുന്നതിന് എ.ഡി.ബി. വച്ചിട്ടുള്ള വ്യവസ്ഥകൾ

92 [1031] ശ്രീ. എം. എം. ഹസ്സൻ :
,, കെ. മുഹമ്മദാലി :
,, എം. എ. വാഹീദ് :
,, കെ. സുധാകരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ മുനിസിപ്പൽ കോർപ്പറേഷനുകൾക്ക് സാമ്പത്തിക സഹായം ചെയ്യുന്നതിന്റെ പേരിൽ എ.ഡി.ബി. എന്തെങ്കിലും മുൻകൂർ വ്യവസ്ഥകൾ നിഷ്കർഷിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ അവ എന്തെല്ലാമെന്ന് വെളിപ്പെടുത്തുമോ ;

(സി) ഈ വ്യവസ്ഥകൾ ബന്ധപ്പെട്ട മുനിസിപ്പൽ കോർപ്പറേഷനുകൾക്ക് സ്വീകാര്യമാണോ ?

ഉത്തരം

(എ) എ. ഡി. ബി. -യുടെ മാർഗ്ഗ നിർദ്ദേശങ്ങൾ അല്ലാതെ വ്യവസ്ഥകൾ ഒന്നുംതന്നെയില്ല.

(ബി) ബാധകമല്ല.

(സി) ബാധകമല്ല.

ആശ്രയ പദ്ധതിയുടെ ഗുണഭോക്താക്കൾ

93 [1032] ശ്രീ. കളത്തിൽ അബ്ദുള്ള :
,, സി. ടി. അഹമ്മദ് അലി :
,, സി. മോയിൻകുട്ടി :
,, ടി. പി. എം. സാഹിർ :
,, നാലകത്ത് സൂപ്പി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആശ്രയ പദ്ധതിയുടെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ എന്തെല്ലാമാണ് :

(ബി) എത്ര പഞ്ചായത്തുകളിൽ പ്രസ്തുത പദ്ധതി ഇപ്പോൾ നടപ്പിലാക്കിയിട്ടുണ്ട് :

(സി) ഈ പദ്ധതിയിൽ ഇപ്പോൾ എത്ര ഗുണഭോക്താക്കളുണ്ട് ;

(ഡി) മറ്റ് പഞ്ചായത്തുകളിലേക്കും ഈ പദ്ധതി വ്യാപിപ്പിക്കാൻ ഉദ്ദേശമുണ്ടോ :

(ഇ) മുൻ സർക്കാരിന്റെ കാലത്ത് ഈ പദ്ധതിയിൽ എത്ര അംഗങ്ങളുണ്ടായിരുന്നു എന്ന് വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) സമൂഹത്തിലെ ദരിദ്രരിൽ ഏറ്റവും ദരിദ്രരായ അഗതി കുടുംബങ്ങളെ കണ്ടെത്തി പുനരധിവസിപ്പിക്കുക എന്നതാണ് ആശ്രയ പദ്ധതിയുടെ ലക്ഷ്യം.

(ബി) 394 ഗ്രാമ പഞ്ചായത്തുകളും 7 നഗരസഭകളും ഉൾപ്പെടെ 401 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ പദ്ധതി നടപ്പാക്കുന്നുണ്ട്.

(സി) ആശ്രയ പദ്ധതിയിൽ 30,887 അഗതി കുടുംബങ്ങളെ ഉൾപ്പെടുത്തിയിട്ടുണ്ട്.

(ഡി) ഉണ്ട്. നടപ്പ് സാമ്പത്തിക വർഷത്തിന്റെ ശേഷിക്കുന്ന മാസങ്ങളിൽ 200 പഞ്ചായത്തുകളിൽകൂടി പദ്ധതി വ്യാപിപ്പിക്കുന്നതിന് ഉദ്ദേശിക്കുന്നു.

(ഇ) ആശ്രയ പദ്ധതി ആരംഭിക്കുന്നത് 2002-03 സാമ്പത്തിക വർഷത്തിലാണ്. 2002-03, 2003-04 എന്നീ സാമ്പത്തിക വർഷങ്ങളിൽ 179 ഗ്രാമപഞ്ചായത്തുകൾ പദ്ധതി ഏറ്റെടുക്കുകയും ഈ പദ്ധതികളിലായി 14790 അഗതി കുടുംബങ്ങളെ കണ്ടെത്തി പുനരധിവസിപ്പിക്കുന്നതിന് നടപടികൾ സ്വീകരിക്കുകയും ചെയ്തു.

റോഡ് വികസന പദ്ധതികൾക്ക് സൗജന്യമായി സ്ഥലം നൽകുന്നവർക്ക് അവശേഷിക്കുന്ന ഭൂമിയിൽ കെട്ടിടം നിർമ്മിക്കുന്നതിനുള്ള ഇളവ്

94 [1033] ശ്രീ. തമ്പാനൂർ രവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റോഡ് വികസന പദ്ധതികൾക്ക് സൗജന്യമായി സ്ഥലം നൽകുന്നവർക്ക് അവശേഷിക്കുന്ന ഭൂമിയിൽ കെട്ടിടം നിർമ്മിക്കുന്നതിന് എന്തെങ്കിലും ഇളവ് നൽകാറുണ്ടോ ;

(ബി) എങ്കിൽ ഇത്തരം ഇളവുകൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) 1999-ലെ കേരള മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ 11-ാം അദ്ധ്യായത്തിൽ (ചട്ടങ്ങൾ 79 മുതൽ 85 വരെ) കെട്ടിട നിർമ്മാണ ചട്ടങ്ങൾ ബാധകമായിട്ടുള്ള പ്രദേശങ്ങളിൽ റോഡ് വികസന പദ്ധതികൾക്ക് സൗജന്യമായി സ്ഥലം നൽകുന്നവർക്ക് അവശേഷിക്കുന്ന ഭൂമിയിലെ നിർമ്മാണങ്ങൾക്ക് ബാധകമാക്കുന്ന പ്രത്യേക വ്യവസ്ഥകൾ ഉൾക്കൊള്ളിച്ചിരിക്കുന്നു. 2006 ജനുവരി 5-ലെ സ.ഉ. (എം.എസ്.) നമ്പർ 4/2006/തസ്വഭ പ്രകാരം വരുത്തിയിട്ടുള്ള ഭേദഗതികളാണ് ഇപ്പോൾ പ്രാബല്യത്തിലുള്ളത്. പ്രസ്തുത ചട്ടങ്ങളുടെ പകർപ്പ് ഇതോടൊപ്പം വച്ചിട്ടുണ്ട്. †

റോഡ് വികസന പദ്ധതികൾക്ക് സൗജന്യമായി വിട്ടുകൊടുക്കുന്ന ഭൂമിയുടെ വിസ്തൃതിക്ക് ആനുപാതികമായി അവശേഷിക്കുന്ന ഭൂമിയിൽ നിർമ്മിക്കുന്ന കെട്ടിടത്തിന്റെ എഫ്.എ.ആർ., കവറേജ്, പാർക്കിംഗ്, സെറ്റ് ബാക്കുകൾ, ഉയരം എന്നിവയിലാണ് ആനുകൂല്യങ്ങൾ അനുവദനീയമായിട്ടുള്ളത്.

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly